**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1825** **29-07-2021 - ൽ മറുപടിയ്ക്ക്**

**തൃശ്ശൂർ മെഡിക്കൽ കോളേജ് സബ് ട്രഷറി കെട്ടിട നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി | | **Shri K N Balagopal**<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | വടക്കാഞ്ചേരി മണ്ഡലത്തിലെ തൃശ്ശൂർ മെഡിക്കൽ കോളേജ് സബ് ട്രഷറിക്ക് പുതിയ സ്ഥലം അനുവദിച്ച് കെട്ടിട നിർമ്മാണം പൂർത്തീകരിക്കുന്നതുമായി ബന്ധപ്പെട്ട പ്രവൃത്തിയുടെ ഇപ്പോഴത്തെ പുരോഗതി വ്യക്തമാക്കാമോ; | (എ) | വടക്കാഞ്ചേരി മണ്ഡലത്തിലെ തൃശ്ശൂർ മെഡിക്കൽ കോളേജ് സബ് ട്രഷറിക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് വെളപ്പായ വില്ലേജിൽ സർവ്വേ നമ്പർ 12/10 ൽ തൃശ്ശൂർ മെഡിക്കൽ കോളേജിന്റെ ഉടമസ്ഥതയിലുള്ള 12 സെന്റ് ഭൂമി, തൃശ്ശൂർ ജില്ലാ കളക്ടറുടെ 28/07/2020 ലെ ഇ 2-2875/18 നമ്പർ നടപടിക്രമം പ്രകാരം ഉടമസ്ഥാവകാശം റവന്യൂ വകുപ്പിൽ നിലനിർത്തിക്കൊണ്ട് ട്രഷറി വകുപ്പിന് അനുവദിച്ചിട്ടുള്ളതാണ്. ഇപ്രകാരം അനുവദിച്ച പ്രസ്തുത സ്ഥലത്ത് ഒരു ട്രഷറി പ്രവർത്തിക്കുന്നതിനാവശ്യമായ എല്ലാ സൗകര്യങ്ങളോടും കൂടിയ ഒരു കെട്ടിടം നിർമ്മിക്കുന്നതിനുള്ള DPR തയ്യാറാക്കുന്നതിന് അക്രഡിറ്റഡ് ഏജൻസിയായ സംസ്ഥാന നിർമ്മിതി കേന്ദ്രവുമായി ചർച്ചകൾ നടത്തി കെട്ടിടത്തിന്റെ രൂപരേഖ പൂർത്തിയാക്കിയിട്ടുള്ളതാകുന്നു. നിർമ്മാണ ഏജൻസിയെ സർക്കാർ തലത്തിൽ അനുവദിക്കുന്ന മുറയ്ക്ക് സർക്കാരിന്റെ ഭരണാനുമതിക്ക് വിധേയമായി പ്രസ്തുത സ്ഥലത്ത് തൃശ്ശൂർ മെഡിക്കൽ കോളേജ് സബ് ട്രഷറിക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടികൾ വകുപ്പ് സ്വീകരിക്കുന്നതാണ്. |
| (ബി) | പ്രസ്തുത പ്രവൃത്തി പൂർത്തീകരിക്കുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിക്കാമോ? | (ബി) | നിർമ്മാണ എജൻസിയെ സർക്കാർ തലത്തിൽ അനുവദിക്കുന്ന മുറയ്ക്ക് സർക്കാരിന്റെ ഭരണാനുമതിയ്ക്ക് വിധേയമായി പ്രസ്തുത സ്ഥലത്ത് തൃശ്ശൂർ മെഡിക്കൽ കോളേജ് സബ് ട്രഷറിക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടികൾ വകുപ്പ് സ്വീകരിക്കുന്നതാണ് . |

സെക്ഷൻ ഓഫീസർ